K25P 1842

Reg. No. : ..............................

Name : ..................................

# Second Semester M.A. Degree (C.B.C.S.S. – OBE-Reg./Supple./Imp.) Examination, April 2025
## (2023 and 2024 Admissions)
## MALAYALAM
## MAMAL 02C05 : Aadhunika Malayala Kavitha
## ആധുനിക മലയാള കവിത

Time : 3 Hours  Max. Marks : 80

PART – A

I. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് **ഒന്നരപ്പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

1) "നീ നിന്റെ മുറ്റം തൂത്താലെത്ര നന്നതെൻ വത്സേ" – സൂചിതമെന്ത് ? ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?

2) മയൂരസന്ദേശം പ്രാസനിഷ്ഠയ്ക്കു നല്കുന്ന പ്രാധാന്യം ഉദാഹരിച്ചു വിശദമാക്കുക.

3) "മരം തളിർക്കാൻ തുടരുമ്പൊഴേയ്ക്കു –
മൊപ്പം മുളച്ചീടിന വല്ലി പൂത്തു" – സന്ദർഭവും ആശയത്തിന്റെ ആലങ്കാരിക ഭംഗിയും വ്യക്തമാക്കുക.

4) "എന്നുടെ ഒച്ച കേട്ടുവോ വേറിട്ട്
എന്നവൾ ചോദിച്ചുവോ ?
കണ്ടതല്ലാതെ ഞാനവളെ
കേട്ടതേയില്ല" – സൂചിതം വ്യക്തമാക്കുക.

5) ജമീലാത്ത എന്ന കവിത അവതരിപ്പിക്കുന്ന അടുപ്പത്തിന്റെ രാഷ്ട്രീയം പരിശോധിക്കുക.

6) "ഈ മനുഷ്യലോകം ആർക്കു വേണം
ഈ മനുഷ്യഭാഷ ആർക്കു വേണം
ഈ മനുഷ്യരോടൊപ്പം പൊരുതാൻ ആർക്കു താത്പര്യം ?" – കവിതയുടെ രാഷ്ട്രീയതലം വ്യക്തമാക്കുക.

**(5×4=20)**

P.T.O.

## PART – B

II. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് **മൂന്ന് പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

7) പാളം എന്ന രൂപകത്തിന് പെൺപാളം എന്ന കവിതയിൽ ലഭിക്കുന്ന പ്രാധാന്യത്തെക്കുറിച്ചു വിവരിക്കുക.

8) മലയവിലാസം പ്രീ റൊമാന്റിക് എന്ന വിശേഷണത്തിനർഹമാണോ ? സ്വാഭിപ്രായം സമർത്ഥിക്കുക.

9) ഒരു നദിയും ഒരു നഗരവും പരസ്പരം വിഴുങ്ങിയതിന്റെ സ്മാരകമായി ഹൂഗ്ലി എന്ന കവിത അനുഭവപ്പെടുന്നതെങ്ങനെ ?

10) വൈലോപ്പിള്ളിയുടെ കാവ്യലോകവും കവിവ്യക്തിത്വവും ഇവനെക്കൂടിയിൽ പ്രകടമാകുന്നതെങ്ങനെ ?

11) ഒരു തോണിയാത്ര, ചിത്രശാല എന്നീ കവിതകൾ ദേശിയബോധം പ്രകടിപ്പിക്കുന്നതെങ്ങനെ ? **(3×8=24)**

## PART – C

III. ഏതെങ്കിലും **മൂന്ന്** ചോദ്യത്തിന് **അഞ്ചു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

12) മതപരമായ പ്രമേയങ്ങളും ആദ്ധ്യാത്മികാനുഭൂതികളും കാല്പനികപൂർവ്വ മലയാളകവിതയിൽ ആവിഷ്കൃതമായതെങ്ങനെ ? പരിശോധിക്കുക.

13) മലയാളകവിതയുടെ ഭാവുകത്വപരിണാമത്തിൽ ആധുനികകവിത്രയത്തിന്റെ പങ്കെന്ത് ? വിശദമാക്കുക.

14) കാല്പനികകാവ്യശീലങ്ങളെ ആധുനികതാവാദമലയാളകവികൾ പ്രതിരോധി ച്ചതെങ്ങനെ ? മാതൃകകളെ മുൻനിർത്തി വിശദമാക്കുക.

15) മലയാളകവിതയിലെ ആധുനികാനന്തരപ്രവണതകളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.

16) സാഗരഗീതം എന്ന കവിതയുടെ പ്രമേയപരവും രചനാപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുക. **(3×12=36)**